72 (72) അഞ്ചലിൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ അഞ്ചലിൽ സി.പി.ഐ.-സി.പി.എം. പ്രവർത്തകർ തമ്മിൽ നടന്ന സംഘട്ടനങ്ങളിൽ എത്രപേർക്ക് പരിക്കുപറ്റി;

(ബി) ഇതിൽ സി.പി.ഐ.യിലും സി.പി.ഐ.(എം.)-ലുംപെട്ട എത്ര ആളുകൾവീതമുണ്ട്;

(സി) ഈ അക്രമങ്ങളിൽ എന്തു തുകയ്ക്കുള്ള വസ്തുവകകൾക്ക് നാശമുണ്ടായി;

(ഡി) ഈ സംഭവങ്ങളെത്തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(ഇ) ഈ കേസ്സുകളിൽ ഒട്ടാകെ എത്ര പ്രതികളുണ്ട്;

(എഫ്) അവരുടെ രാഷ്ട്രീയ കക്ഷികളുമായുള്ള ബന്ധം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നാല് പേർക്ക്.

(ബി) സി.പി.ഐ.-ൽപ്പെട്ടവർ - 1

സി.പി.ഐ.(എം.)-ൽപ്പെട്ടവർ - 3

(സി) വസ്തുവകകൾക്ക് നാശമുണ്ടായിട്ടില്ല.

(ഡി) രണ്ട് കേസ്സുകൾ

(ഇ) പത്തു പ്രതികൾ

(എഫ്) അഞ്ചു പേർ. സി.പി.ഐ.ക്കാരും അഞ്ചുപേർ സി.പി.ഐ.(എം.) കാരുമാണ്.

73 (73) ഭവനഭേദനങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഭവനഭേദനങ്ങൾ നടന്നു;

(ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പരിക്കുപറ്റി;

(സി) എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി?

ഉത്തരം

(എ)മുതൽ (സി)വരെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly